# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1826 — 17.06.2013-ൽ മറുപടിയ്ക്ക്

### പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കെതിരെ നടന്ന അതിക്രമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതു വരെ സംസ്ഥാനത്ത് പട്ടിക ജാതിക്കാർക്കെതിരെ നടന്ന അതിക്രമങ്ങ ളെത്ര; പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കെതിരെ നടന്ന അതിക്രമങ്ങളെത്ര; ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കെതിരെ നടന്ന അതിക്രമങ്ങളെത്ര; വ്യക്തമാക്കുമോ; | (എ) | പട്ടികജാതിക്കാർക്കെതിരെയുള്ള അതി ക്രമങ്ങൾ സംബന്ധിച്ച് 1675 കേസുകളും പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 298 (പട്ടികവർഗ്ഗം-247, ആദിവാസി-51) കേസു കളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കെതി രെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 51 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത അതിക്രമങ്ങളെത്തുടർന്ന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 1973 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇതിൽ കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ച കേസുകളെത്ര; | (സി) | രജിസ്റ്റർ ചെയ്ത 1973 കേസുകളുടെയും എഫ്.ഐ.ആർ. കോടതിയിൽ സമർപ്പി ച്ചിട്ടുണ്ട്. |
| (ഡി) | അന്വേഷണം പൂർത്തിയാക്കാത്ത കേസ്സു കളെത്ര; | (ഡി) | 548 കേസുകൾ |
| (ഇ) | ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര? | (ഇ) | ആരെയും ശിക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ